## സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ – കുടുംബശ്രീ
## ഡയറക്ടർ (എ & എഫ്)ന്റെ നടപടിക്രമം

(ഹാജർ:– ശ്രീമതി. പി. റംലത്ത്)

വിഷയം: കുടുംബശ്രീ - ദേശീയ നഗര ഉപജീവന മിഷൻ - സ്വയം തൊഴിൽ സംരംഭം- - സോഫ്റ്റ് സ്കിൽ ട്രെയിനിംഗ് - നഗര സഭാ തലത്തിൽ സംഘടിപ്പിക്കുന്നതിന് തുക അനുവദിച്ച് ഉത്തരവാകുന്നത്- സംബന്ധിച്ച്.

പരാമർശം: 20/8/2018-ലെ കൊച്ചി സിറ്റി പ്രോജക്ട് ഓഫീസറുടെ COC/NULM/038206/15 നമ്പർ കത്ത്

***<u>ഉത്തരവ് നമ്പർ NULM 010 -9153/F/2015/KSHO(2) തീയതി 27.09..2018</u>***

കൊച്ചി കോർപ്പറേഷനിലെ ഫോർട്ട് കൊച്ചി മേഖലയിൽ പ്രവർത്തിക്കുന്നതിനായി 6 ഗ്രൂപ്പുകളിലായി തെരഞ്ഞെടുക്കപ്പെട്ട 40 അർബൻ സർവ്വീസ് ടീം അംഗങ്ങളെ കർമ്മ നിരതരാക്കുന്നതിനും ഒരു കുടക്കീഴിൽ നിന്ന് പ്രവർത്തിക്കുന്നതിനുമായി ഒരു സോഫ്റ്റ് സ്കിൽ ട്രെയിനിംഗ് നടത്തേണ്ടത് ആവശ്യമാണെന്ന് മേൽ പരാമർശ പ്രകാരം പ്രോജക്ട് ഓഫീസർ അപേക്ഷിച്ചിട്ടുണ്ട്. ആയത് നടത്തുന്നതിനുള്ള അനുമതിയും ആവശ്യമായ തുകയും അനുവദിക്കുന്നതിനും 9800/- രൂപയുടെ ബഡ്ജറ്റ് സഹിതം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ദേശീയ നഗര ഉപജീവന മിഷൻ സ്വയം തൊഴിൽ സംരംഭ പ്രകാരം ടി പരിശീലനം പദ്ധതി വ്യവസ്ഥ ചെയ്യുന്ന സാഹചര്യത്തിൽ കൊച്ചി കോർപ്പറേഷൻ തെരഞ്ഞെടുക്കുന്ന 40 അർബൻ സർവീസ് ടീം അംഗങ്ങൾക്ക് ആവശ്യമായ സോഫ്റ്റ് സ്കിൽ പരിശീലനം നൽകുന്നതിനുള്ള അനുമതിയും, ആയതിന് ഭേദഗതി ചെയ്ത് ബഡ്ജറ്റ് പ്രകാരമുള്ള 7300/- രൂപ (ഏഴായിരത്തി മുന്നൂറ് രൂപ മാത്രം) സംസ്ഥാന മിഷനിൽ നിന്നും അനുവദിച്ചുത്തരവാകുന്നു. (A/c. NULM KOCHI Corporation 522802010007117 Union Bank of India, Kadavanthara UBIN0552283)

ടി ചെലവ് ദേശീയ നഗര ഉപജീവന മിഷന്റെ IEC ശീർഷകത്തിൽ Mid Media/Mass Media/ Material Production) എന്ന ശീർഷകത്തിൽ വകയിരുത്തേണ്ടതാണ്. ധനവിനിയോഗ സാക്ഷ്യപത്രം യഥാസമയം ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതാണ്.

| Sl. No. | Item | Amount in Rs. |
|---|---|---|
| 1. | Soft Skill Training | 5000 |
| 2. | Tea & Snacks (40 x20) | 800 |
| 3. | Projector & Sounds | 1500 |
| | **Total** | **7300** |

(ഒപ്പ്)
ഡയറക്ടർ (എ & എഫ്)
കുടുംബശ്രീ

To

1. അക്കൗണ്ട്സ് സെക്ഷൻ - തുക അനുവദിക്കുന്നതിന്
2. സെക്രട്ടറി, കൊച്ചി കോർപ്പറേഷൻ
3. ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, കുടുംബശ്രീ, എറണാകുളം

പകർപ്പ്

1. സിറ്റി പ്രോജക്ട് ഓഫീസർ, കൊച്ചി കോർപ്പറേഷൻ
2. സിറ്റി മിഷൻ മാനേജർമാർ, കൊച്ചി കോർപ്പറേഷൻ
3. കരുതൽ / അധികം

ഉത്തരവിൻ പ്രകാരം,

അക്കൗണ്ട്സ് ഓഫീസർ.